പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 3447 — 20.6.2018- ൽ മറുപടിയ്ക്ക്

## പ്രവാസി മലയാളികളുടെ ക്ഷേമത്തിനും പുനരധിവാസത്തിനുമുള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.വി.അബ്ദുൾ ഖാദർ<br>,, സജി ചെറിയാൻ<br>,, പി.ടി.എ. റഹീം<br>,, എം. രാജഗോപാലൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം നോർക്ക റൂട്ട്സ് പ്രവാസി മലയാളികളുടെ ക്ഷേമത്തിനും പുനരധിവാസത്തിനും അവകാശ സംരക്ഷണത്തിനുമായി നടത്തിയ പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പ്രവാസി മലയാളികൾക്കായി നോർക്ക റൂട്ട്സ് നടത്തിയ പ്രധാന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>• സാന്ത്വന<br>• പ്രീ ഡിപ്പാർച്ചർ ഓറിയൻറേഷൻ പ്രോഗ്രാം, വ്യാജറിക്രൂട്ട്മെൻറ്, വിസതട്ടിപ്പ് എന്നിവക്കെതിരെയുള്ള ബോധവൽക്കരണം.<br>• തൊഴിൽ വൈദഗ്ധ്യ പരിശീലന പരിപാടി.<br>• ജോബ് പോർട്ടൽ.<br>• നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെൻറർ (NBFC).<br>• നോർക്ക ഓഫീസുകളുടെ ശാക്തീകരണം.<br>• നോർക്ക ഡിപ്പാർട്ട്മെൻറ് പ്രോജക്റ്റ് ഫോർ റിട്ടേൺ എമിഗ്രൻറ്സ്(NDPREM).<br>• മാർക്കറ്റ് റിസേർച്ച്, പ്രവാസത്തിനു മുൻപും പിൻപുമുള്ള സേവനങ്ങൾ.<br>• ലോകകേരളസഭയും ആഗോള സാംസ്കാരികോൽസവവും. |

| | |
|---|---|
| ബി) നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ പദ്ധതിപ്രകാരം നടത്തി വരുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ; | ബി) സംസ്ഥാനത്തെ നിക്ഷേപ സാധ്യതകളെ പ്രവാസി കേരളീയരുടെ ശ്രദ്ധയിൽ കൊണ്ടു വന്ന് വിവിധ മേഖലകളിൽ നിക്ഷേപിക്കുവാൻ സന്നദ്ധതയുള്ളവർക്ക് പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ സഹായവും മറ്റ് സൗകര്യങ്ങളുമൊരുക്കുക എന്ന ലക്ഷ്യത്തോടെയാണ് നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെൻറർ (NBFC) ആവിഷ്കരിച്ചിട്ടുള്ളത്. കേരളത്തിൽ വ്യവസായ സംരംഭം തുടങ്ങാൻ തൽപരരായ പ്രവാസികൾക്ക് ഈ സെൻറർ വിവിധ അനുമതികൾ നേടുന്നതിന് ഒരു 'ഏക ജാലക സംവിധാന'മായി പ്രവർത്തിക്കുന്നതാണ്. |
| സി) ഒഡെപെകിന്റെ പ്രവർത്തനം വിപുലീകരിക്കാൻ നടപടി സ്വീകരിച്ചിരുന്നോ; | സി) വിദേശ നിയമന രംഗത്ത് ഒഡെപെക് കൂടുതലും ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത് ഗൾഫ് രാജ്യങ്ങളായ സൗദി അറേബ്യ ഒമാൻ, യു. എ. ഇ എന്നിവിടങ്ങളിലെ ആരോഗ്യ മേഖലയിലാണ്. സമീപ കാലത്ത് യൂറോപ്യൻ രാജ്യങ്ങളായ യുണൈറ്റഡ് കിംഗ്ഡം, അയർലണ്ട് എന്നിവിടങ്ങളിലേക്ക് നിയമനം ആരംഭിച്ചിട്ടുണ്ട്. കൂടുതൽ മേഖലകളിലേക്കും മറ്റ് ഏഷ്യൻ-യൂറോപ്യൻ രാജ്യങ്ങളിലേക്കും പ്രവർത്തനം വ്യാപിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വിദേശ നിയമനം കൂടാതെ മറ്റ് മേഖലകളിലെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. |
| ഡി) മടങ്ങി വരാൻ നിർബന്ധിതരാകുന്ന പ്രവാസികൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാൻ മാർഗ്ഗ നിർദ്ദേശവും പരിശീലനവും നൽകുന്നതിനായുള്ള സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിന്റെ പ്രവർത്തനഫലമായി കൈവരിക്കാനായ നേട്ടം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ? | ഡി) സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് വഴി താഴെ പറയുന്ന സേവനങ്ങൾ നൽകി വരുന്നു.<br>• വിജയകരമായി നടത്താവുന്ന 25 ൽ പരം സ്വയം തൊഴിൽ മേഖലകളിൽ ഒരു ആഴ്ച മുതൽ ഒരു മാസം വരെ നീളുന്ന തീവ്രപരിശീലന പരിപാടി.<br>• അപേക്ഷകർക്ക് സംരംഭകമേഖലയിൽ വ്യക്തമായ മാർഗനിർദ്ദേശം നൽകുക. |

- പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുക.
- പ്രോജക്ട് റിപ്പോർട്ടുകൾ ബാങ്കുകൾക്ക് സ്വീകാര്യമാകുന്ന തരത്തിൽ വിശകലനം നടത്തുക.
- അപേക്ഷകർക്ക് സംരംഭം തുടങ്ങുന്നതിന് വേണ്ട വിവിധ നടപടിക്രമങ്ങളെക്കുറിച്ചുള്ള മാർഗനിർദ്ദേശം നൽകുക.

സ്വയം തൊഴിൽ പരിശീലനത്തിനായി ഇതിനകം 3000 ലധികം പേർ രജിസ്റ്റർ ചെയ്തതിൽ ഏകദേശം 300 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**